(ബി) ഏകജാലക സംവിധാനം പരാജയമാണെന്നും പ്രസ്തുത സംവിധാനംമൂലം കേരളത്തിൽ വ്യവസായം മുടങ്ങാൻ കാരണമാകുന്നു എന്നുമുള്ള പ്രതികരണങ്ങളെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ ;

(സി) തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ വ്യവസായ വികസനത്തിന് മുഖ്യമന്ത്രിമാർ നേരിട്ട് താല്പര്യമെടുക്കുന്നതുകൊണ്ട് പ്രസ്തുത സംസ്ഥാനങ്ങളിൽ വ്യവസായരംഗത്തെ വളർച്ച ത്വരിതഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ തമിഴ്നാട് മോഡൽ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) തമിഴ്നാട്ടിൽ വ്യവസായ വികസനത്തിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് പഠിച്ച്, അനുയോജ്യമായവിധം ഇവിടെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):

(എ) വ്യവസായ വകുപ്പിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയ ശേഷം 31-12-2010 വരെ 1584 അപേക്ഷകൾ ലഭിച്ചതിൽ 1470 എണ്ണം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇത് ആകെ അപേക്ഷകളുടെ 93 ശതമാനം ആണ്.

(ബി) ആകെ ലഭിച്ച അപേക്ഷകളിൽ 93 ശതമാനം അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്. ടി സംവിധാനം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടെന്ന് പ്രസ്തുത കണക്ക് സൂചിപ്പിക്കുന്നു. ഇപ്പോഴും ഏകജാലക സംവിധാനത്തിൽ ധാരാളം അപേക്ഷകൾ ലഭിച്ചു കൊണ്ടേയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ഈ സംവിധാനം ഒരു വിജയമാണെന്നാണ്. ഏകജാലക സംവിധാനംമൂലം കേരളത്തിൽ വ്യവസായം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തമിഴ്നാട് മോഡൽ സ്വീകരിക്കുന്നതിനെ കുറിച്ച് പരിശോധിച്ചിട്ടില്ല.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല.

സ്കൂൾ കലോത്സവം

*(*86) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ സ്കൂൾ കലോത്സവം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനത്തിനും മറ്റ് ചെലവുകൾക്കുമായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(സി) ചെലവ് കൂടുതലുള്ള ഇനങ്ങളിൽ പങ്കെടുക്കുന്നതിന് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ഈ വർഷം എത്ര കുട്ടികൾ അപ്പീൽ നൽകി കലാമേളയിൽ പങ്കെടുത്തു ;

(ഇ) കലാമത്സരങ്ങളിൽ അവതരിപ്പിക്കുന്ന വിവിധ ഇനങ്ങളുടെ നിലവാരം കുറഞ്ഞുവരുന്നതായി ആക്ഷേപമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) അടുത്ത വർഷത്തെ കലാമേളയിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഇല്ല. ഇതുസംബന്ധിച്ച് വിധിയിലുത്തൽ നടത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ഈ മാസം അവസാനം ചേരുന്നതിന് ഉദ്ദേശിക്കുന്നു.

(ബി&സി) രക്ഷകർത്താവിന്റെ വാർഷിക വരുമാനം 75000 രൂപയിൽ കുറവായ കുട്ടികൾക്ക് നൃത്ത ഇനങ്ങളിൽ ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പരമാവധി 10000 രൂപ സാമ്പത്തിക സഹായം നൽകാറുണ്ട്.

(ഡി) 515 കുട്ടികൾ

(ഇ) ഇല്ല.

(എഫ്) കലാമേള സംബന്ധിച്ച് പരിഷ്കാരങ്ങൾ പരിഗണിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ശില്പശാല സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

7(*97) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ബാബു പോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ കാലയളവിൽ നഷ്ടത്തിലായതും പൂട്ടിക്കിടക്കുന്നതുമായ ഇത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly